## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3097 — 18.10.2016-ൽ മറുപടി നല്കേണ്ടിയിരുന്നത്

### പ്ലാസ്റ്റിക് സംസ്കരണത്തിന് വ്യാവസായിക പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനു വേണ്ടി സർക്കാർ ഉടമസ്ഥതയിൽ പ്ലാസ്റ്റിക് സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ: | എ) | പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ എല്ലാ ബ്ലോക്ക് പരിധിയിലും ഉപയോഗ ശൂന്യമായ pet bottles & jars സംസ്കരിച്ച് grannuels ആക്കുന്നതിനുള്ള സംരംഭം ആരംഭിക്കുവാൻ രണ്ട് കോടി പത്ത് ലക്ഷം രൂപാ ചെലവ് വരുന്ന പദ്ധതി ജില്ലാ പ്ലാനിംഗ് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് നടപടിയാകുന്ന മുറയ്ക്ക് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വേസ്റ്റ് വരുമാനദായകമായ ഒരു സംവിധാനമാക്കി കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് നിലവിൽ ഉണ്ട്. തലശ്ശേരി മുനിസിപ്പാലിറ്റിയിലും ഇരിട്ടി, കുത്തുപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ പ്രൊജക്ടിൽ പ്ലാസ്റ്റിക് റീ സൈക്ലിംഗ് യൂണിറ്റിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്.<br>പ്ലാസ്റ്റിക് ഇൻസിനറേഷൻ യൂണിറ്റുകൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. |
| ബി) | പ്ലാസ്റ്റിക് സംസ്കരണത്തിനും പുനരുപയോഗത്തിനുമായി വ്യാവസായിക തലത്തിൽ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾസർക്കാരിന്റെ പരിഗണനയിലുണ്ടോ: വിശദീകരിക്കുമോ; | ബി) | പരിഗണനയിലുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ ടെക്നിക്കൽ സ്ഥാപനമായ CFSC-യിൽ പ്ലാസ്റ്റിക് സംസ്കരണത്തിനും പുനരുപയോഗത്തിനുമായി വ്യത്യസ്തമായ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്റർ ഫോർ പ്ലാസ്റ്റിക് (TBI) ഈ സ്ഥാപനത്തിൽ പ്രവർത്തിച്ചു വരുന്നു. |
| സി) | ഈ മേഖലയിൽ യുവ സംരംഭകർക്ക് അവസരം നല്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ